# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 366**

**15-07-2015 ൽ മറുപടിയ്ക്ക്.**

## വിവിധ പദ്ധതികൾക്കുള്ള കേന്ദ്രസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സാമ്പത്തികവർഷം ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കുവാൻ സാധ്യതയുള്ളത്; | (എ) | **ജലസേചന വകുപ്പ്**<br>ഈ സാമ്പത്തിക വർഷം ജലസേചന വകുപ്പിന് 'Repair Renovation & Restoration (RRR) of Water Bodies' എന്ന പദ്ധതിയ്ക്ക് കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുവാൻ സാധ്യതയുണ്ട്.<br>**കേരള ജല അതോറിറ്റി**<br>സംസ്ഥാനത്ത് 'ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതികൾ'ക്കായി കേന്ദ്രസർക്കാരിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായം ലഭിച്ചു വരുന്നുണ്ട്. 'കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി-യ്ക്കായി 67% വും, 'ജലസ്രോതസ്സുകളുടെ ലഭ്യത ഉറപ്പു വരുത്തൽ' പദ്ധതിയ്ക്കായി 10% വും, 'പദ്ധതി നടത്തിപ്പു/പരിപാലന ചെലവ്' നായി 15% വും, 'ജലഗുണനിലവാര പരിശോധന സംവിധാനം നടപ്പാക്കലും പരിശോധനയും' 3% വും 'പരിശീലന ബോധവൽക്കരണ പരിപാടികളും കമ്പ്യൂട്ടർ വൽക്കരണവും' ആയി 5% വും കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.<br>**പ്രോജക്ട്സ് II**<br>ഈ ഓഫീസിനു കീഴിൽ വരുന്ന മൂവാറ്റുപുഴ വാലി |

| | | | |
|---|---|---|---|
| | | | ജലസേചന പദ്ധതിയുടെ revised project report എ.ഐ.ബി.പി.യ്ക്ക് കീഴിൽ സെൻട്രൽ ലോൺ അസിസ്റ്റൻസ് (സി.എൽ.എ) ലഭിക്കുന്നതിന് വേണ്ടി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് ഈ വർഷം എ.ഐ.ബി.പി.യുടെ ധനസഹായം ലഭിക്കാനിടയുണ്ട്.<br>**ഭൂജല വകുപ്പ്**<br>ഭൂജല വകുപ്പിന് കീഴിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (വിദേശ സഹായ കേന്ദ്രാവിഷ്കൃത പദ്ധതി) ന് കേന്ദ്രധനസഹായം ലഭിക്കാനിടയുണ്ട്.<br>**കുട്ടനാട് പാക്കേജ്**<br>കുട്ടനാട് പാക്കേജിൽപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയ്യപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ എന്നിവയ്ക്കാണ് ഈ വർഷം കേന്ദ്രസഹായം ലഭിക്കുവാൻ സാദ്ധ്യതയുള്ളത്.<br>**കാഡ**<br>കാഞ്ഞിരപ്പുഴ, കല്ലട, എന്നീ പദ്ധതികൾക്കാണ് കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുവാൻ സാധ്യതയുള്ളത്. |
| (ബി) | ഓരോ പദ്ധതികളുടെയും വിശദവിവരങ്ങൾ നൽകുമോ; | (ബി) | **ജലസേചന വകുപ്പ്**<br>കുളങ്ങളുടെ നവീകരണവും പുനരുദ്ധാരണവും പുന:സ്ഥാപിക്കലുമാണ് Repair Renovation & Restoration (RRR) of Water Bodies എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 2 ഹെക്ടറിന് മേൽ Water spread area യുള്ള കുളങ്ങൾ മാത്രമേ ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുവാൻ പാടുള്ളൂ. കേരളത്തിന് അനുയോജ്യമായി കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

**കേരള ജല അതോറിറ്റി**

ജലസ്രോതസ്സുകളുടെ ജലലഭ്യത ഉറപ്പു വരുത്തൽ, ജലഗുണനിലവാര പരിശോധന നടപ്പാക്കൽ, പരിശീലന ബോധവൽക്കരണ പരിപാടികൾ, കമ്പ്യൂട്ടർവൽക്കരണം എന്നീ പദ്ധതികൾക്ക് 100% കേന്ദ്രസഹായവും കുടിവെള്ളലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി, പദ്ധതി നടത്തിപ്പു/പരിപാലന ചെലവ് എന്നിവയ്ക്ക് 50% കേന്ദ്രസഹായവും ആണ് ലഭ്യമാകുന്നത്. എന്നാൽ 2015-16 ലെ വാർഷിക പദ്ധതി അവലോകന യോഗത്തിന്റെ നടപടിക്രമം അനുസരിച്ച് സംസ്ഥാനത്ത് ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ മാത്രമേ 2015-16 സാമ്പത്തിക വർഷം നടപ്പാക്കേണ്ടതുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 2015-16 സാമ്പത്തിക വർഷം ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

**പ്രോജക്ട്സ് II**

പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**ഭൂജല വകുപ്പ്**

01-10-2015 മുതൽ ദേശീയ തലത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുവാൻ കേന്ദ്രജല വിഭവമന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇത് 50% ലോകബാങ്ക് സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. എട്ട് വർഷക്കാലയളവിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി രണ്ടു ഘട്ടങ്ങളായാണ് (2015-16 മുതൽ 2020-21 വരെയും) (2021-22 മുതൽ 2023-24 വരെയും) നടപ്പിലാക്കുന്നത്.

**കുട്ടനാട് പാക്കേജ്**

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നാളിതുവരെ സംസ്ഥാന സർക്കാർ 43.56

| | | | |
|---|---|---|---|
| | | | കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി 47 കോടി രൂപയുടെ പദ്ധതിയ്ക്ക് സ്റ്റേറ്റ് റ്റി.എ.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇനി കേന്ദ്ര ഗവൺമെന്റ് അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. കുട്ടനാട് താലൂക്കിന്റേയും വീയ്യപുരം പഞ്ചായത്തിലെയും 411 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി 1212.45 കോടി രൂപയുടെ പദ്ധതി സ്റ്റേറ്റ് റ്റി.എ.സി അംഗീകരിച്ചിട്ടുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.<br>**<u>കാഡ</u>**<br>50% കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായിട്ടാണ് കാഞ്ഞിരപ്പുഴ, കല്ലട പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) | ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം വ്യക്തമാക്കുമോ? | (സി) | **<u>ജലസേചന വകുപ്പ്</u>**<br>Repair Renovation & Restoration (RRR) of Water Bodies എന്ന പദ്ധതിയ്ക്ക് 20 കോടി കണക്കാക്കിയിട്ടുണ്ട്. അടങ്കൽ തുകയുടെ 75% സംസ്ഥാന വിഹിതമാണ്.<br>**<u>കേരള ജല അതോറിറ്റി</u>**<br>കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി, പദ്ധതി നടത്തിപ്പു/പരിപാലന ചെലവ് എന്നിവയ്ക്ക് 50% സംസ്ഥാന സഹായം ആവശ്യമുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതം സംബന്ധിച്ച അന്തിമ വിവരം, പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ലഭിക്കൂ.<br>**<u>പ്രോജക്ട്സ് II</u>**<br>കേന്ദ്ര വിഹിതത്തിനു അനുസൃതമായി, പദ്ധതിയുടെ സ്വഭാവമനുസരിച്ച്, സംസ്ഥാന വിഹിതവും വകയിരുത്തേണ്ടതുണ്ട്.<br>**<u>ഭൂജല വകുപ്പ്</u>**<br>ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് വേണ്ടി പദ്ധതി തുക 40 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാർ വിഹിതം |

| | | | |
|---|---|---|---|
| | | | 25% ആണ്.<br><br>**കുട്ടനാട് പാക്കേജ്**<br>ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതിയ്ക്ക് 50% സംസ്ഥാന വിഹിതം ആവശ്യമാണ്.<br><br>**കാഡ**<br>നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതവും സി.എ.ഡി.ഡബ്ല്യൂ.എം. മാർഗ്ഗരേഖകളും പ്രകാരം ഓരോ കാഡ പദ്ധതിയിലും പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കാഞ്ഞിരപ്പുഴ - 76.85 ലക്ഷം<br>കല്ലട - 182.35 ലക്ഷം |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## MUVATTUPUZHA VALLEY IRRIGATION PROJECT

### PROPOSAL FOR 2014-15

All figures in lakhs

| Sl.No. | Component No. | Component of AIBP | LEC | Cumulative expenditure up to 3/06 | Balance Amt. | Amount Required for 20014-15 | Amount Required for 2015-16 | Total | Present Stage/ variation in LEC |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 11 | | 5 | 6 | 7 | 8 |
| | | Unit I - Head works | - | | | - | - | - | Work completed in all respects |
| | | | | | | | | | |
| | | Unit II - Main Canal / Branch Canal & Unit III - Distriibutories | | | | | | | |
| | | | | | | | | | |
| 1 | 1 | Right Bank Main | 2,942.42 | 2,891.88 | 50.54 | 50.54 | | 50.54 | Work completed |
| | | Direct Distributories of R.B.Canal | | - | | | - | - | |
| 2 | 52 | Madakkathanam Distribut | 885.00 | 75.71 | 809.29 | 600.00 | 209.29 | 809.29 | L.E.C. changed due to recast estimate based on 2009 S.O R. for the reach Ch 690m to 1522m excluding flume from Ch. 690m to 1522m ,Vide.G.O. 21798/MP1/2010 WRD Dtd 30 10 12 Govemement dicition is required to give TS based on 2012 SOR |
| | | Branches of R.B.Canal | - | - | | | - | - | |
| 3 | 6 | Muvattupuzha B.C | 1,051.22 | 902.73 | 148.49 | 148.49 | | 148.49 | Canal water through up to ch 9800m , Ch 9800 to 10210. land received and work tendered |
| | | Distributories of Muvattu | - | - | | | - | - | |
| 4 | 54 | Anickad East (Nadukkara MD) | 418.00 | | 418.00 | 100.00 | 318.00 | 418.00 | Land received.Decision regarding the arrangement of work is pending in Govt level ( Willingnes of the original contractor submitted to Govt for want of Govt decision.) |

| Sl.No. | Component No. | Component of AIBP | LEC | Cumulative expenditure up to 3/14 | Balance Amt. | Amount Required for 20014-15 | Amount Required for 2015-16 | Total | Present Stage/ variation in LEC |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 11 | | 5 | 6 | 7 | 8 |
| | | **Direct Distributories o** | - | - | | | | | |
| 5 | 35 | **Palakkuzha** Distributory (Pump | 132.53 | 113.32 | 19.21 | 19.21 | - | 19.21 | work completed. |
| 6 | 53 | Edayar Distributory | 1,900.00 | - | 1,900.00 | 900.00 | 1,000.00 | 1,900.00 | Land acquired, auction of trees are completed. The agreement executed with Sri. Samuel Varghese earlier was terminated as directed by the Government. Stay order from Hon'ble High Court for rearranging the work is still alive. |
| 7 | 43 | Koothattukulam minor with lift | 783.36 | 643.36 | 140.00 | 140.00 | | 140.00 | Civil work completed & electrical works tendered & tenders submitted to Government for sanction of tender excess |
| | | **Branches of L.B.Canal** | - | - | | | - | - | |
| | | **Distributories of Marady** | - | - | | | | | |
| 8 | 7 | Peringazha Minor | 586.38 | 542.36 | 44.02 | 44.02 | | 44.02 | Work completed. |
| | | **Distributories of Ramam** | - | - | - | | | | |
| 9 | 15 | Mamalassery Minor | 773.19 | 681.17 | 92.02 | 92.02 | | 92.02 | Work in progress. |
| 10 | 3 | Piravom B.C | 1,252.48 | 1,220.84 | 31.64 | 31.64 | | 31.64 | CH:250m -2400m ,Work completed. Ch:4150m-6604m work terminated. to be rearranged based on current S O.R Balance work estimate based on CPWD Rate is to be prepared |
| | | **Distributories of Piravom** | - | - | | | - | - | |
| 11 | 20 | Elanji | 989.36 | 379.36 | 610.00 | 200.00 | 410.00 | 610.00 | Stay order from Hon'ble High Court for rearranging the work. Work to be re arranged based on 2012 S.O.R is still alive |

| Sl.No. | Component No. | Component of AIBP | LEC | Cumulative expenditure up to 3/14 | Balance Amt. | Amount Required for 20014-15 | Amount Required for 2015-16 | Total | Present Stage/ variation in LEC |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 11 | | 5 | 6 | 7 | 8 |
| 12 | 22 | Onakkoor | 718.60 | 706.52 | 12.08 | 12.08 | | 12.08 | Work completed except 4 Nos of road crossing. |
| 13 | 4 | Mulakkulam B.C. | 2,206.67 | 2,163.45 | 43.22 | 43.22 | - | 43.22 | Work completed. Payment to be made |
| 14 | 5 | Ettumanoor B.C. | 5,568.38 | 5,441.33 | 127.05 | 127.05 | | 127.05 | One reach ch 18220m to 18725m,ezhuthonipadam aqueduct, negotiated quotations received for the work and to be submitted to Government |
| | | **Distributories of Mulakku** | - | - | | | | - | |
| 15 | 34 | Karikkode Distributory | 3,740.00 | 2,042.92 | 1,697.08 | 1,000.00 | 697.08 | 1,697.08 | Work in progress for 5 reaches. Estimate for the reach from ch 4110m -5430m to be revised as per CPWD rate |
| | | **Distributories of Ettumar** | - | - | | | | - | |
| 16 | 30 | Kuravilangad Major | 2,832.72 | 2,692.72 | 140.00 | 40.00 | 100.00 | 140.00 | One reach to be re arranged based on 2012 S.O.R |
| 17 | 31 | Kidangoor | 1,110.37 | 1,014.37 | 96.00 | 96.00 | | 96.00 | One reach ch: 3770m to 3970m.work in progress |
| 18 | 26 | Kuruppanthara | 689.29 | 661.24 | 28.05 | 28.05 | | 28.05 | Workcompleted |
| 19 | 27 | Manjoor | 690.51 | 634.17 | 56.34 | 56.34 | - | 56.34 | aqueduct over railway crossing, negotiated quotations received for the work and to be submitted to Governement for sanction. |
| 20 | 29 | Kurumulloor | 2,047.68 | 1,767.68 | 280.00 | 280.00 | | 280.00 | Ch.7000m-8700m work completed except a bit of 215m of cut& cover. Balance work tendered and the PQ committee selected the qualified bidders and the tender formulation is being taken accordingly. Ch 8700m-10748m work foreclosed |
| | | TOTAL | 31,318.16 | 24,575.13 | 6,743.03 | 4,008.66 | 2,734.37 | 6,743.03 | |

സെക്ഷൻ ഓഫീസർ